WEDNESDAY 19.07.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/07/2023.

1. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

2. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ് കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ് ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

3. മലബാർ മേഖലാ യൂണിയന്റെ അനുബന്ധസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ക്ഷീരകർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചിട്ടുള്ള ഉണക്കിപൊടിച്ച ചാണകപ്പൊടി കർഷകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നു. 1 കി.ഗ്രാം, 2 കി.ഗ്രാം, 5 കി.ഗ്രാം, 10 കി.ഗ്രാം, 30 കി.ഗ്രാം ബാഗുകളിലും കൂടുതൽ ആവശ്യമുള്ളവർക്ക് CFT (ക്യൂബിക് ഫീറ്റ്) അടിസ്ഥാനത്തിൽ മൊത്ത വിലയ്ക്കും ചാണകപ്പൊടി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് കോട്ടാംപറമ്പിൽ പ്രവർത്തിക്കുന്ന മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ഓഫീസുമായോ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന പി & ഐ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207580188/9207680188 എന്നീ ഫോൺ നമ്പരുകളിലോ, ceomrdf@gmail.com എന്ന ഈ- മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ലിയു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9656745454 എന്ന നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് മാസം 14 (14.08.2023).

**പരിശീലന പരിപാടി**

6. വെള്ളായണി കാര്‍ഷിക കോളേജിൽ പൂന്തോട്ട നിർമ്മാണം, നഴ്സറി പരിപാലനം, സൂക്ഷ്മ ജലസേചനം എന്നീ വിഷയങ്ങളിൽ ഈ മാസം 27,28 (ജൂലൈ 27, 29) തീയതികളിലായി ദ്വദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 600 രൂപ. രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയാണ് പരിശീലന സമയം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും നഴ്സറി നിർമാണത്തെ കുറിച്ചുള്ള പുസ്തകവും നൽകുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 8606631545 എന്ന നമ്പരിലേക്ക് വിളിക്കുകയോ പേരും ഫോൺ നമ്പരും വാട്ട്സ്ആപ്പ് സന്ദേശം അയച്ചോ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495118208 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

7. കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് 25.7.23 ന് രാവിലെ 10 മണിക്ക് വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ആടുകളുടെ വിവിധ ഇനം ബ്രീഡുകൾ, തെരെഞ്ഞെടുപ്പ് ശാസ്ത്രീയമായ തീറ്റക്രമം, ആട്ടിന്കൂട് നിർമ്മാണം, ആരോഗ്യ പരിപാലനം, ശാസ്ത്രീയ പ്രജനന രീതി തുടങ്ങി ആദായകരമായ ആട് വളർത്തൽ നടത്തുന്നതിന് വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ, മാർക്കറ്റിംഗ്, ആട് ഫാം പ്രൊജക്റ്റ് എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ്സും ആട് ഫാം സന്ദർശനവും ഉൾപ്പെടുത്തിയാണ് ട്രെയിനിങ് ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത ട്രെയ്നിങ്ങിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 22.7.23 നുള്ളിൽ 0487-2370773 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ (10 am -5 pm) വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **"ശുദ്ധമായ പാലുല്പാദനം"** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

മൃഗസംരക്ഷണ നിർദ്ദേശം - പശുപരിപാലനം

9. മഴക്കാലത്ത് പശുക്കൾക്ക് ഇളം പുല്ല് അധികമായി നൽകി വരുന്നത് മൂലം ശരീരത്തിലെ മഗ്നീഷ്യം കുറഞ്ഞ് ഗ്രാസ് റ്റെറ്റനി എന്ന രോഗത്തിന് കാരണമാകുന്നു.

പേശി വലിയൽ, തല പിറകിലോട്ട് ചരിക്കുക, വായിൽ നിന്നും നുരയും പതയും വരൽ, കൈകാലുകൾ നിലത്തടിക്കുക, ശ്വാസ തടസ്സം തുടങ്ങിയവയാണ് ഇതിന്റെ രോഗ ലക്ഷണം.

രോഗം പ്രതിരോധിക്കുന്നതിനായി മഗ്നീഷ്യം ഓക്സൈഡ് മഗ്നീഷ്യം ക്ലോറൈഡ് എന്നിവ 30 - 60 ഗ്രാം വരെ ദിനം പ്രതി തീറ്റയിൽ ഉൾപ്പെടുത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം